**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 446** **08-06-2021 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരപദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ വൈദ്യുതി വകുപ്പ് ക്ഷണിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സൗര' പദ്ധതിയിൽ ഉൾപ്പെടുത്തി (Phase-I) പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ ക്ഷണിച്ച അപേക്ഷയിൽ 2,78,264 പേർ രജിസ്റ്റർ ചെയ്തു. ഇവയിൽ നിന്നും പരിശോധനയ്ക്കു ശേഷം 42,458 സൈറ്റുകൾ തിരഞ്ഞെടുത്തു. ലഭിച്ച അപേക്ഷകളിൽ നിന്നും അനുയോജ്യമെന്ന് കണ്ടെത്തിയ 2331 സൈറ്റുകളിൽ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട് (capacity 20.47MW). 747 സൈറ്റുകളിലെ ജോലി പൂർത്തീകരിച്ചിട്ടുണ്ട് (5.969MW). 1578 സൈറ്റുകളിലെ ജോലി നടന്നു കൊണ്ടിരിക്കുന്നു (14.323 MW). ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിൽ 21000 ഉപഭോക്താക്കൾ (71 MW) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നു വരികയാണ്. കോവിഡ് 19 പകർച്ച വ്യാധി മൂലം പദ്ധതി നടപ്പാക്കുന്നതിൽ കുറച്ചു കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി.എൽ. തുടർ നടപടികളുമായി മുന്നോട്ടു പോകുന്നു. |

സെക്ഷൻ ഓഫീസർ